# മധുരമായ കുട്ടികളെ – നിങ്ങൾക്ക് ഓരോരുത്തരേയും സ്വർഗ്ഗവാസിയാക്കണം, നിങ്ങൾ എല്ലാവരുടെയും മംഗളം ചെയ്യുന്നവരാണ്, നിങ്ങളുടെ കർത്തവ്യമാണ് ദരിദ്രരെ ധനവാനാക്കുക

**ചോദ്യം:–** ബാബയുടെ ഏതൊരു പേര് വളരെ സാധാരണമാണ്, എന്നാൽ കർത്തവ്യം വളരെ മഹത്തരമാണ്?
**ഉത്തരം:–** ബാബയെ പറയുന്നു പൂന്തോട്ടക്കാരൻ– തോണിക്കാരൻ. ഈ പേര് എത്ര സാധാരണമാണ് എന്നാൽ മുങ്ങിതാഴുന്നവരെ അക്കരെയ്ക്ക് കൊണ്ടുപോകുക, ഇത് എത്ര ശ്രേഷ്ഠമായ കർത്തവ്യമാണ്. ഏതുപോലെയാണോ നീന്തൽ വിദഗ്ധർ പരസ്പരം തങ്ങളുടെ കൈ നൽകി അക്കരെയ്ക്ക് കൊണ്ടുപോകുന്നത്, അതുപോലെ ബാബയുടെ കൈ ലഭിക്കുന്നതിലൂടെ നിങ്ങൾ സ്വർഗ്ഗവാസിയായി മാറുന്നു. ഇപ്പോൾ നിങ്ങളും മാസ്റ്റർ തോണിക്കാരാണ്. നിങ്ങൾ ഓരോരുത്തരുടെയും തോണി അക്കരയ്ക്കെത്തിക്കുന്നതിനുള്ള വഴി പറഞ്ഞ് കൊടുക്കുന്നു.

**ഓം ശാന്തി**. കുട്ടികൾ ഓർമ്മയിൽ ഇരിക്കുന്നതു തന്നെ ഉണ്ടാകും. സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കണം, ശരീരവുമുണ്ട്. ശരീരമില്ലാതെ ഇരിക്കുകയാണെന്നല്ല. എന്നാൽ ബാബ പറയുന്നു ദേഹ–അഭിമാനം ഉപേക്ഷിച്ച് ദേഹീ–അഭിമാനിയായി ഇരിക്കൂ. ദേഹീ–അഭിമാനമാണ് ശുദ്ധം, ദേഹ–അഭിമാനമാണ് അശുദ്ധം. നിങ്ങൾക്കറിയാം ദേഹീ–അഭിമാനിയാകുന്നതിലൂടെ നമ്മൾ ശുദ്ധ പവിത്രമായിക്കൊണ്ടിരിക്കുന്നു. ദേഹ–അഭിമാനിയായതിലൂടെ അശുദ്ധവും, അപവിത്രവുമായിരുന്നു. വിളിക്കുന്നുമുണ്ട് അല്ലയോ പതിത–പാവനാ വരൂ. പാവന ലോകമുണ്ടായിരുന്നു. ഇപ്പോൾ പതിതമാണ് വീണ്ടും പാവന ലോകം തീർച്ചയായും ഉണ്ടാകും. സൃഷ്ടിയുടെ ചക്രം കറങ്ങും. ആര് ഈ സൃഷ്ടി ചക്രത്തെ അറിയുന്നോ അവരെയാണ് പറയുന്നത് സ്വദർശന ചക്രധാരി. നിങ്ങൾ ഓരോരുത്തരും സ്വദർശന ചക്രധാരികളാണ്. സ്വയം ആത്മാവിന് സൃഷ്ടി ചക്രത്തിന്റെ ജ്ഞാനം ലഭിച്ചിരിക്കുന്നു. ജ്ഞാനം ആരാണ് തന്നത്? തീർച്ചയായും അവർ സ്വദർശന ചക്രധാരിയായിരിക്കും. ബാബയ്ക്കല്ലാതെ മറ്റൊരു മനുഷ്യനും പഠിപ്പിക്കാൻ സാധിക്കില്ല. പരമമായ ആത്മാവായ ബാബ തന്നെയാണ് കുട്ടികളെ പഠിപ്പിക്കുന്നത്. പറയുന്നു കുട്ടികളെ നിങ്ങൾ ദേഹീ–അഭിമാനിയാകൂ. സത്യയുഗത്തിൽ ഈ ജ്ഞാനം അഥവാ പഠിപ്പ് നൽകുന്നതിന്റെ ആവശ്യമേ ഉണ്ടായിരിക്കില്ല. അവിടെ ഭക്തിയും ഉണ്ടായിരിക്കില്ല. ജ്ഞാനത്തിലൂടെയാണ് സമ്പത്ത് ലഭിക്കുന്നത്. ബാബ ശ്രീമതം നൽകുന്നു നിങ്ങൾക്ക് ഇങ്ങനെ ശ്രേഷ്ഠമാകാം. നിങ്ങൾക്കറിയാം നമ്മൾ ശവപറമ്പിലേതായിരുന്നു, ഇപ്പോൾ ബാബ ശ്രേഷ്ഠ സ്വർഗ്ഗവാസിയാക്കുന്നു. ഈ പഴയ ലോകം ശവപറമ്പാകണം. മൃത്യുലോകത്തെ ശവപറമ്പെന്ന് തന്നെയാണ് പറയുക. സ്വർഗ്ഗമെന്ന് പുതിയ ലോകത്തെ തന്നെയാണ് പറയുന്നത്. ഡ്രാമയുടെ രഹസ്യം ബാബ മനസ്സിലാക്കി തരികയാണ്. ഈ മുഴുവൻ സൃഷ്ടിയെയും വൈക്കോൽ കൂനയെന്ന് പറയുന്നു.

ബാബ മനസ്സിലാക്കി തന്നിട്ടുണ്ട്– മുഴുവൻ സൃഷ്ടിയിലും ഈ സമയത്ത് രാവണന്റെ രാജ്യമാണ്. ദസറയും ആഘോഷിക്കുന്നുണ്ട്, എത്ര സന്തോഷമാണ്. ബാബ പറയുന്നു എല്ലാ കുട്ടികളെയും ദുഃഖത്തിൽ നിന്ന് മോചിപ്പിക്കാൻ എനിക്കും പഴയ രാവണ ലോകത്തിൽ വരേണ്ടി വരുന്നു. ഒരു കഥ കേൾപ്പിക്കാറുണ്ട്. ആരോ ചോദിച്ചു നിങ്ങൾക്ക് ആദ്യം സുഖം വേണോ അതോ ദുഃഖം വേണോ? അപ്പോൾ പറഞ്ഞു സുഖം വേണം. സുഖത്തിലേക്ക് പോകുകയാണെങ്കിൽ അവിടെ യമദൂതൻ പോലെ ആർക്കും വരാൻ സാധിക്കില്ല. ഇതും ഒരു കഥയാണ്. ബാബ പറയുന്നു, സുഖധാമത്തിൽ ഒരിക്കലും കാലൻ വരുന്നില്ല, അമരപുരിയാകുന്നു. നിങ്ങൾ മരണത്തിന് മേൽ വിജയം നേടുന്നു. നിങ്ങൾ എത്ര സർവ്വശക്തിമാനാകുകയാണ്. അവിടെ ഒരിക്കലും ഇങ്ങനെ പറയില്ല ഇന്നയാൾ മരിച്ചു പോയി, മരണത്തിന്റെ പേര് തന്നെയില്ല. ഒരു വസ്ത്രം മാറ്റി അടുത്തതെടുത്തു. സർപ്പവും തോല് മാറ്റാറില്ലേ. നിങ്ങളും പഴയ തോൽ ഉപേക്ഷിച്ച് പുതിയ തോൽ അർത്ഥം ശരീരത്തിലേക്ക് വരും. അവിടെ 5 തത്വവും സതോപ്രധാനമാകുന്നു. എല്ലാ വസ്തുക്കളും സതോപ്രധാനമാകുന്നു. ഓരോ വസ്തുക്കളും, ഫലങ്ങളുമെല്ലാം അതി ശ്രേഷ്ഠമായിരിക്കും. സത്യയുഗത്തെ പറയുന്നത് തന്നെ സ്വർഗ്ഗമെന്നാണ്. അവിടെ വളരെ ധനവാനായിരുന്നു. ഇവരെ പോലെ സുഖിയും വിശ്വത്തിന്റെ അധികാരിയുമായി മാറാൻ ആർക്കും സാധിക്കില്ല. ബാബയുടെ കൈ എല്ലാവർക്കും ലഭിക്കുന്നില്ല. ബാബയുടെ കൈ ലഭിക്കുന്നത് നിങ്ങൾക്കാണ് നിങ്ങളുടെ കൈ പിന്നീട് മറ്റുള്ളവർക്ക് ലഭിക്കുന്നു. അവരുടേത് പിന്നീട് മറ്റുള്ളവർക്ക് ലഭിക്കുന്നു. ഏതുപോലെയാണോ നീന്തൽ വിദഗ്ധർ ഓരോരുത്തരെയായി അക്കരെയെത്തിക്കുന്നത്. നിങ്ങളും മാസ്റ്റർ തോണിക്കാരാണ്. അനേകം തോണിക്കാരുണ്ടായിക്കൊണ്ടിരിക്കുന്നു. നിങ്ങളുടെ ജോലി തന്നെ ഇതാണ്. നമ്മൾ ഓരോരുത്തരുടെയും

തോണി അക്കരെയെത്തിക്കാനുള്ള വഴി പറഞ്ഞു കൊടുക്കുന്നു. തോണിക്കാരന്റെ മക്കൾ തോണിക്കാരാകുന്നു. പേര് എത്ര സാധാരണമാണ്– പൂന്തോട്ടക്കാരൻ, തോണിക്കാരൻ. ഇപ്പോൾ പ്രത്യക്ഷത്തിൽ നിങ്ങൾ കാണുന്നു. നിങ്ങൾ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുന്നു. നിങ്ങളുടെ ഓർമ്മ ചിഹ്നം മുന്നിൽ നിൽക്കുന്നുണ്ട്. താഴെ രാജയോഗ തപസ്യ, മുകളിൽ രാജധാനിയും നിൽക്കുന്നു. ദിൽവാഡായെന്ന പേരും വളരെ നല്ലതാണ്. ബാബയെല്ലാവരുടേയും ഹൃദയം കവരുന്നു. എല്ലാവരുടെയും സദ്ഗതി ചെയ്യുന്നു. ഹൃദയം കവരുന്ന ആൾ ആരാണ്. ഇത് ആർക്കും തന്നെ അറിയില്ല. ബ്രഹ്മാവിന്റെ അച്ഛൻ ശിവ ബാബയാണ്. എല്ലാവരുടെയും ഹൃദയം കവരുന്നത് പരിധിയില്ലാത്ത പിതാവ് തന്നെയായിരിക്കും. തത്വങ്ങൾ മുതലായ എല്ലാത്തിന്റെയും മംഗളം ചെയ്യുന്നു, ഇതും കുട്ടികൾക്ക് മനസ്സിലാക്കി തന്നിട്ടുണ്ട് മറ്റ് ധർമ്മത്തിലുള്ളവരുടെ ശാസ്ത്രം മുതലായവയെല്ലാം സ്ഥിരമാണ്. നിങ്ങൾക്ക് ജ്ഞാനം ലഭിക്കുന്നത് തന്നെ സംഗമത്തിലാണ്, പിന്നീട് വിനാശമുണ്ടാകുന്നു ഒരു ശാസ്ത്രവും അവശേഷിക്കില്ല. ശാസ്ത്രങ്ങൾ ഭക്തി മാർഗ്ഗത്തിന്റെ അടയാളമാണ്. ഇതാണ് ജ്ഞാനം. വ്യത്യാസം കണ്ടില്ലേ. ഭക്തി അളവറ്റതുണ്ട്, ദേവിമാരുടെയെല്ലാം പൂജയിൽ എത്ര ചിലവാണ് ചെയ്യുന്നത്. ബാബ പറയുന്നു ഇതിലൂടെ അല്പകാലത്തെ സുഖമാണുള്ളത്. ഏതേത് ഭാവനയാണോ വെയ്ക്കുന്നത് അത് പൂർത്തിയാകുന്നു. ദേവിമാരെ അലങ്കരിച്ചലങ്കരിച്ച് ആർക്കെങ്കിലും സാക്ഷാത്ക്കാരമുണ്ടായാൽ അതുമതി വളരെ സന്തോഷിക്കുന്നു. പ്രയോജനം ഒന്നും തന്നെയില്ല. മീരയെക്കുറിച്ചും പാടിയിട്ടുണ്ട്. ഭക്തമാലയില്ലേ. സ്ത്രീകളിൽ മീര, പുരുഷൻമാരിൽ ഭക്ത ശിരോമണിയായി നാരദനെയാണ് മാനിക്കുന്നത്. നിങ്ങൾ കുട്ടികളിലും നമ്പർവൈസാണ്. മാലയിലെ മുത്തുകൾ ധാരാളമുണ്ട്. മുകളിൽ പുഷ്പം ബാബയാണ്, പിന്നീട് ദമ്പതിമാരായ മേരു പുഷ്പത്തെ എല്ലാവരും നമസ്ക്കരിക്കുന്നു. ഓരോരോ മുത്തിനെയും നമസ്ക്കരിക്കുന്നു. രുദ്ര യജ്ഞം രചിക്കുകയാണെങ്കിൽ അതിലും കൂടുതൽ പൂജ ശിവന്റേതാണ് ചെയ്യുന്നത്. സാളിഗ്രാമങ്ങളുടേത് ഇത്രയും ചെയ്യുന്നില്ല. എല്ലാവരുടെയും സങ്കൽപം ശിവനിലേക്കായിരിക്കും എന്തുകൊണ്ടെന്നാൽ ശിവബാബയിലൂടെ തന്നെയാണ് സാളിഗ്രാമങ്ങൾ ഇത്രയും തീവ്രമായത്, അങ്ങനെ നിങ്ങളിപ്പോൾ പാവനമായിക്കൊണ്ടിരിക്കുന്നു. പതിത–പാവനനായ ബാബയുടെ കുട്ടികൾ നിങ്ങളും മാസ്റ്റർ പതിത–പാവനനാണ്. അഥവാ ആർക്കെങ്കിലും വഴി പറഞ്ഞുകൊടുക്കുന്നില്ലെങ്കിൽ നയാപൈസയുടെ പദവിയായിരിക്കും ലഭിക്കുക. എന്നാലും ബാബയുമായി കണ്ടുമുട്ടിയില്ലേ. അതും കുറഞ്ഞ കാര്യമല്ല. എല്ലാവരുടെയും പിതാവ് ഒന്നാണ്. കൃഷ്ണനെപ്പറ്റിയല്ല പറയുന്നത്. കൃഷ്ണൻ ആരുടെ അച്ഛനാകും? കൃഷ്ണനെ പിതാവെന്ന് പറയില്ല. മകനെ അച്ഛനെന്ന് ഒരിക്കലും പറയില്ല. അച്ഛനെന്ന് പറയുക ദമ്പതിമാരായി, മക്കളുണ്ടാകുമ്പോഴാണ്. പിന്നെ മക്കൾ അച്ഛനെന്ന് വിളിക്കും. മറ്റാർക്കും അച്ഛനെന്ന് വിളിക്കാൻ സാധിക്കില്ല. ബാക്കി എല്ലാ പ്രായം ചെന്നവരെയും ബാപ്പുജി എന്ന് വിളിക്കാറുണ്ട്. ഈ ശിവബാബ എല്ലാവരുടെയും അച്ഛനാണ്. വിശ്വ സാഹോദര്യത്തെക്കുറിച്ച് പറയാറുമുണ്ട്. ഈശ്വരനെ സർവ്വ വ്യാപിയെന്ന് പറയുന്നതിലൂടെ വിശ്വ പിതൃത്വമാകുന്നു.

നിങ്ങൾ കുട്ടികൾക്ക് വലിയ–വലിയ സഭകളിൽ മനസ്സിലാക്കി കൊടുക്കേണ്ടി വരും. എപ്പോഴും പ്രഭാഷണത്തിന് പോകുമ്പോൾ ഏത് ടോപ്പിക്കിലാണോ ഭാഷണം ചെയ്യേണ്ടത്, അതിൽ വിചാര സാഗര മഥനം ചെയ്ത് എഴുതണം. ബാബയ്ക്ക് വിചാര സാഗര മഥനം ചെയ്യേണ്ടതില്ല. കൽപം മുൻപ് എന്ത് കേൾപ്പിച്ചിരുന്നോ അത് കേൾപ്പിച്ച് പോകും. നിങ്ങൾക്ക് ടോപ്പിക്കുകളിൽ മനസ്സിലാക്കി കൊടുക്കണം. ആദ്യം എഴുതി പിന്നീട് പഠിക്കണം. ഭാഷണത്തിന് ശേഷം പിന്നീട് സ്മൃതിയിൽ വരുന്നു– ഇന്നയിന്ന പോയന്റുകൾ പറഞ്ഞില്ല. ഇത് മനസ്സിലാക്കി കൊടുത്തിരുന്നെങ്കിൽ നന്നായിരുന്നു. ചില–ചില പോയന്റുകൾ മറന്ന് പോകുക, ഇത് സംഭവിക്കാറുണ്ട്. ഏറ്റവും ആദ്യം പറയണം സഹോദരീ–സഹോദരൻമാരെ ആത്മ–അഭിമാനിയായി ഇരിക്കൂ. ഇത് ഒരിക്കലും മറക്കരുത്. ഇങ്ങനെ ആരും വാർത്തകൾ എഴുതാറില്ല. ഏറ്റവും ആദ്യം എല്ലാവരോടും പറയണം, ആത്മ– അഭിമാനിയായി ഇരിക്കൂ. നിങ്ങൾ ആത്മാവ് അവിനാശിയാണ്. ഇപ്പോൾ ബാബ വന്ന് ജ്ഞാനം നൽകിക്കൊണ്ടിരിക്കുകയാണ്. ബാബ പറയുന്നു, എന്നെ ഓർമ്മിക്കുന്നതിലൂടെ വികർമ്മം വിനാശമാകും. ഒരു ദേഹധാരിയെയും ഓർമ്മിക്കരുത്. സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കൂ, നമ്മൾ അവിടെ വസിക്കുന്നവരാണ്. നമ്മുടെ പിതാവ് മംഗളകാരിയായ ശിവനാണ്, നമ്മൾ ആത്മാക്കൾ ശിവന്റെ മക്കളാണ്. ബാബ പറയുന്നു ആത്മ– അഭിമാനിയാകൂ, ഞാൻ ആത്മാവാണ്. ബാബയുടെ ഓർമ്മയിലൂടെ വികർമ്മം വിനാശമാകും. ഗംഗാസ്നാനം മുതലായവയിലൂടെ വികർമ്മം വിനാശമാകില്ല. ബാബയുടെ നിർദ്ദേശമാണ് നിങ്ങൾ എന്നെ ഓർമ്മിക്കൂ. ആളുകൾ ഗീത വായിക്കാറുണ്ട് യദാ യദാ ഹി ധർമ്മസ്യ. . . പറയുന്നുണ്ട് എന്നാൽ അർത്ഥം ഒന്നും തന്നെ അറിയുന്നില്ല. അതുകൊണ്ട് ബാബ സേവനത്തിനുള്ള നിർദ്ദേശം നൽകുന്നു– ശിവബാബ പറയുന്നു സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കി ശിവബാബയെ ഓർമ്മിക്കൂ. അവർ മനസ്സിലാക്കുന്നത് കൃഷ്ണനാണ് പറഞ്ഞതെന്നാണ്, നിങ്ങൾ പറയും ശിവബാബയാണ് ഞങ്ങൾ കുട്ടികളോട് എന്നെ ഓർമ്മിക്കൂ എന്ന് പറയുന്നത്. എത്രത്തോളം എന്നെ ഓർമ്മിക്കുന്നോ

അത്രത്തോളം സതോപ്രധാനമായി ഉയർന്ന പദവി നേടും. ലക്ഷ്യവും മുന്നിലുണ്ട്. പുരുഷാർത്ഥത്തിലൂടെ ഉയർന്ന പദവി നേടണം. മറു വശത്തുള്ളവർ അവരുടെ ധർമ്മത്തിൽ ഉയർന്ന പദവി നേടും, നമ്മൾ മറ്റ് ധർമ്മത്തിലേക്ക് പോകില്ല. അവർ വരുന്നത് തന്നെ പിറകിലാണ്. അവരും അറിയുന്നുണ്ട് അവർക്ക് മുൻപ് സ്വർഗ്ഗമുണ്ടായിരുന്നുവെന്ന്. ഭാരതം ഏറ്റവും പ്രാചീനമാണ്. എന്നാൽ എപ്പോഴാണ് ഉണ്ടായിരുന്നത്, അത് ആർക്കും അറിയില്ല. അവരെ ഭഗവാൻ– ഭഗവതിയെന്നും പറയുന്നുണ്ട് എന്നാൽ ബാബ പറയുന്നു ഭഗവാൻ ഭഗവതിയെന്ന് പറയാൻ സാധിക്കില്ല. ഭഗവാൻ ഞാൻ ഒരാൾ മാത്രമാണ്. നമ്മൾ ബ്രാഹ്മണരാണ്. ബാബയെ ബ്രാഹ്മണനെന്ന് പറയില്ല. ബാബ ഉയർന്നതിലും ഉയർന്ന ഭഗവാനാണ്, ആ ബാബയ്ക്ക് ശരീരത്തിന്റെ പേരില്ല. നിങ്ങൾ എല്ലാവർക്കും ശരീരത്തിന്റെ പേര് വരുന്നു. ആത്മാവ് ആത്മാവ് തന്നെയാണ്. ബാബയും പരമമായ ആത്മാവാണ്. ആ ആത്മാവിന്റെ പേരാണ് ശിവൻ, ശിവൻ നിരാകാരനാണ്. സൂക്ഷ്മ ശരീരവുമില്ല, സ്ഥൂല ശരീരവുമില്ല. ആകാരമേ ഇല്ല എന്നല്ല. ഏതൊന്നിനാണോ പേരുള്ളത്, അതിന് ആകാരവും തീർച്ചയായുമുണ്ട്. നാമവും രൂപവുമില്ലാതെ ഒരു വസ്തുവും ഉണ്ടായിരിക്കില്ല. പരമാത്മാവായ ബാബയെ നാമരൂപത്തിൽ നിന്ന് വേറിട്ടതെന്ന് പറയുക എത്ര വലിയ അജ്ഞാനമാണ്. അച്ഛനും നാമരൂപത്തിൽ നിന്ന് വേറിട്ടത്, മക്കളും നാമ രൂപത്തിൽ നിന്ന് വേറിട്ടത് എങ്കിൽ പിന്നെ സൃഷ്ടി തന്നെ ഉണ്ടായിരിക്കില്ല. നിങ്ങൾക്കിപ്പോൾ നല്ല രീതിയിൽ മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. ഗുരുക്കൻമാർ അന്തിമത്തിൽ മനസ്സിലാക്കും. ഇപ്പോൾ അവരുടെ രാജ്യമാണ്.

നിങ്ങളിപ്പോൾ ഡബിൾ അഹിംസകരാകുന്നു. ദേവീ–ദേവതാ ധർമ്മത്തിന്റെ പരമമായ ധർമ്മം അഹിംസയാണ്, ഡബിൾ അഹിംസകരെന്ന് പാടിയിട്ടുണ്ട്. ആരെയെങ്കിലും കയ്യോങ്ങുക, ദുഃഖം നൽകുക അതും ഹിംസയായി. ബാബ ദിനംപ്രതി മനസ്സിലാക്കി തരുന്നുണ്ട് മനസ്സാ–വാചാ–കർമ്മണാ ആർക്കും ദുഃഖം നൽകരുത്. മനസ്സിൽ തീർച്ചയായും വരും. സത്യയുഗത്തിൽ മനസ്സിൽ പോലും വരില്ല. ഇവിടെയാണെങ്കിൽ മനസ്സിലും–വാക്കിലും–കർമ്മത്തിലും വരുന്നു. ഈ വാക്ക് നിങ്ങൾ അവിടെ കേൾക്കുക പോലുമില്ല. അവിടെ സത്സംഗം മുതലായവയും ഉണ്ടായിരിക്കില്ല. സത്സംഗം ഉണ്ടാകുന്നത് സത്യത്തിലൂടെ മാത്രമാണ്, സത്യമാകുന്നതിന് വേണ്ടി. സത്യമായുള്ളത് ഒരേഒരു ബാബ മാത്രമാണ്. ബാബയിരുന്ന് നരനിൽ നിന്ന് നാരായണനാകുന്നതിനുള്ള കഥ കേൾപ്പിക്കുന്നു, അതിലൂടെ നിങ്ങൾ നരനിൽ നിന്ന് നാരായണനാകുന്നു. പിന്നീട് ഭക്തി മാർഗ്ഗത്തിൽ സത്യനാരായണന്റെ കഥ വളരെ പ്രിയത്തോടെ കേൾക്കുന്നു. നിങ്ങളുടെ ഓർമ്മ ചിഹ്നം ദിൽവാഡാ ക്ഷേത്രം നോക്കൂ എത്ര നല്ലതാണ്. തീർച്ചയായും സംഗമത്തിൽ ഹൃദയം കവർന്നിട്ടുണ്ടായിരിക്കും. ആദി ദേവനും ദേവിയും, കുട്ടികളുമിരിക്കുന്നുണ്ട്. ഇതാണ് യഥാർത്ഥ ഓർമ്മ ചിഹ്നം. അതിന്റെ ചരിത്രവും ഭൂമിശാസ്ത്രവും നിങ്ങൾക്കല്ലാതെ മറ്റാർക്കും അറിയില്ല. നിങ്ങളുടെ തന്നെ ഓർമ്മ ചിഹ്നമാണ്. ഇതും അദ്ഭുതമല്ലേ. ലക്ഷ്മീ–നാരായണന്റെ ക്ഷേത്രത്തിൽ പോകുകയാണെങ്കിൽ നിങ്ങൾ പറയും ഞങ്ങൾ ഇതായിക്കൊണ്ടിരിക്കുകയാണ്. ക്രിസ്തുവും ഇവിടെയുണ്ട്. വളരെ പേർ പറയുന്നുണ്ട്, ക്രിസ്തു യാചകന്റെ രൂപത്തിലുണ്ട്. തമോപ്രധാനം അർത്ഥം യാചകനായില്ലേ. പുനർജന്മം തീർച്ചയായും എടുക്കില്ലേ. രാജകുമാരനായിരുന്ന ശ്രീകൃഷ്ണൻ ഇപ്പോൾ യാചകനാണ്. കറുപ്പും വെളുപ്പും. നിങ്ങൾക്കുമറിയാം– ഭാരതം എന്തായിരുന്നു, ഇപ്പോൾ എന്താണ്. ബാബ ദരിദ്രരുടെ തോഴനാണ്. മനുഷ്യർ ദാന–പുണ്യവും ഈശ്വരാർത്ഥം ദരിദ്രർക്കാണ് നൽകാറുള്ളത്. വളരെ പേർക്ക് ധാന്യം ലഭിക്കുന്നില്ല. മുന്നോട്ട് പോകവെ നിങ്ങൾ കാണും വലിയ–വലിയ ധനവാൻമാർക്ക് പോലും ധാന്യം ലഭിക്കില്ല. ഗ്രാമ–ഗ്രാമങ്ങളിലും ധനവാൻമാർ വസിക്കുന്നില്ലേ, അവരെ പിന്നീട് കള്ളൻമാർ കൊള്ളയടിക്കുന്നു. പദവിയിൽ വ്യത്യാസം ഉണ്ടായിരിക്കില്ലേ. ബാബ പറയുന്നു ഇങ്ങനെയുള്ള പുരുഷാർത്ഥം ചെയ്യൂ അതിലൂടെ ഒന്നാം നമ്പറിലേക്ക് പോകൂ. ടീച്ചറുടെ ജോലിയാണ് ജാഗരൂകരാക്കുക. പദവിയോടെ വിജയിക്കണം. ഇതാണ് പരിധിയില്ലാത്ത പാഠശാല. ഇതുതന്നെയാണ് രാജ്യം സ്ഥാപിക്കുന്നതിനുള്ള രാജയോഗം. വീണ്ടും പഴയ ലോകത്തിന്റെ വിനാശം സംഭവിക്കണം. അല്ല എങ്കിൽ എവിടെ രാജ്യം ഭരിക്കും. ഇതാണെങ്കിൽ പതിതമായ ഭൂമിയാണ്.

മനുഷ്യർ പറയുന്നു– ഗംഗ പതിത പാവനിയാണെന്ന്. ബാബ പറയുന്നു ഈ സമയം 5 തത്ത്വം മുഴുവനും തമോപ്രധാന പതിതമാണ്. മുഴുവൻ മാലിന്യവും അഴുക്കുമെല്ലാം അതിൽ പോയാണ് പതിക്കുന്നത്. മത്സ്യം മുതലായവയും അതിൽ വസിക്കുന്നുണ്ട്. ജലവും ഒരു ലോകം പോലെ തന്നെയാണ്. ജലത്തിൽ എത്ര ജീവജാലങ്ങളാണ് വസിക്കുന്നത്. വലിയ–വലിയ സാഗരത്തിൽ നിന്ന് പോലും എത്ര ഭക്ഷ്യവസ്തുക്കളാണ് ലഭിക്കുന്നത്. അപ്പോൾ ഒരു ഗ്രാമമായില്ലേ. ഗ്രാമത്തെ പിന്നെങ്ങനെ പതിത പാവനനെന്ന് പറയും. ബാബ മനസ്സിലാക്കി തരുന്നു, മധുര–മധുരമായ കുട്ടികളെ പതിത–പാവനൻ ഒരു ബാബയാണ്. നിങ്ങളുടെ ആത്മാവും ശരീരവും പതിതമായിരിക്കുന്നു, ഇപ്പോൾ എന്നെ ഓർമ്മിക്കൂ എങ്കിൽ പാവനമാകും. നിങ്ങൾ വിശ്വത്തിന്റെ അധികാരി, സുന്ദരന്മാരായി മാറുന്നു. അവിടെ രണ്ടാമതൊരു ഖണ്ഢം ഉണ്ടാ

യിരിക്കില്ല. ഭാരതത്തിന്റേത് തന്നെയാണ് ഓൾറൗണ്ട് പാർട്ട്. നിങ്ങളെല്ലാവരും ഓൾറൗണ്ടറാണ്. നാടകത്തിൽ അഭിനേതാക്കൾ നമ്പർവൈസായി വന്ന്-പോകുന്നു. ഇതും അങ്ങനെയാണ്. ബാബ പറയുന്നു നിങ്ങൾ നമ്മളെ ഭഗവാനാണ് പഠിപ്പിക്കുന്നതെന്ന് മനസ്സിലാക്കൂ. നമ്മൾ പതിത പാവനനായ ഈശ്വരന്റെ വിദ്യാർത്ഥികളാണ്, ഇതിൽ എല്ലാം വന്നു. പതിത-പാവനനുമായി, ഗുരുവും ടീച്ചറുമായി. അച്ഛനുമായി. അതും നിരാകാരൻ. ഇതാണ് നിരാകാരനായ ഈശ്വരീയ പിതാവിന്റെ വിശ്വവിദ്യാലയം. എത്ര നല്ല പേരാണ്. ഈശ്വരന്റെ എത്ര മഹിമയാണ് ചെയ്യുന്നത്, എന്നാൽ വസ്തുവെന്താണ്! ഒരു ബിന്ദു. അതിൽ എത്രയാണ് പാർട്ടടങ്ങിയിരിക്കുന്നത്. ഇപ്പോൾ ബാബ പറയുന്നു ദേഹമുണ്ടായിട്ടും, ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞുകൊണ്ടും എന്നെ മാത്രം ഓർമ്മിക്കൂ. ഭക്തി മാർഗ്ഗത്തിൽ ആരാണോ അന്ധമായ ഭക്തി ചെയ്യുന്നത് അതിനെ പറയുന്നു - സതോപ്രധാന തീവ്ര ഭക്തി. എത്ര തീവ്രമായ ഭക്തിയാണ്. ഇപ്പോൾ തീവ്രമായ വേഗം വേണം - ഓർമ്മയുടെ. തീവ്രമായി ഓർമ്മിക്കുന്നവരുടെ തന്നെ പേരാണ് പ്രസിദ്ധമാകുക. വിജയ മാലയുടെ മുത്താകും. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1) നരനിൽ നിന്ന് നാരായണനാകുന്നതിന് വേണ്ടി ദിവസവും സത്യമായ ബാബയിൽ നിന്ന് കേൾക്കണം. സത്-സംഗം ചെയ്യണം. ഒരിക്കലും മനസ്സാ-വാചാ-കർമ്മണാ ആർക്കും ദുഃഖം നൽകരുത്.

2) വിജയമാലയിലെ മുത്താകുന്നതിന് അഥവാ പദവിയോടെ വിജയിക്കുന്നതിന് വേണ്ടി ഓർമ്മയുടെ വേഗത വർദ്ധിപ്പിക്കണം. മാസ്റ്റർ പതിത-പാവനനായി എല്ലാവരെയും പാവനമാക്കുന്നതിന്റെ സേവനം ചെയ്യണം.

## വരദാനം- പരമാത്മാസ്മരണയുടെ മടിത്തട്ടിലലിയുന്ന സംഗമയുഗീ ശ്രേഷ്ഠആത്മാവായി ഭവിക്കട്ടെ.

സംഗമയുഗം സത്യയുഗീ സ്വർഗത്തെക്കാൾ ശ്രേഷ്ഠമാണ്. എന്തുകൊണ്ടെന്നാൽ ഇപ്പോഴത്തെ മഹിമയാണ് ബ്രാഹ്മണരുടെ ലോകത്ത് അപ്രാപ്തമായി യാതൊരു വസ്തുവുമില്ല. ഒരു ബാബയെ ലഭിച്ചു എങ്കിൽ എല്ലാം ലഭിച്ചു. ഇപ്പോൾ താങ്കൾ കുട്ടികൾ ഇടയ്ക്ക് അതീന്ദ്രിയസുഖത്തിന്റെ ഊഞ്ഞാലിലാടുന്നു, ഇടയ്ക്ക് സന്തോഷം, ഇടയ്ക്ക് ശാന്തി, ഇടയ്ക്ക് ജ്ഞാനം, ഇടയ്ക്ക് ആനന്ദം, ഇടയ്ക്ക് പരമാത്മാമടിത്തട്ടിന്റെ ഊഞ്ഞാലിലാടുന്നു. പപരമാത്മാമടിത്തട്ടാണ് ഓർമയുടെ ലൗലീനഅവസ്ഥ. ഈ മടിത്തട്ട് സെക്കന്റിൽ അനേക ജന്മത്തെ ദുഖവേദനകൾ മറപ്പിക്കുന്നു. അപ്പോൾ ഈ ശ്രേഷ്ഠസംസ്കാരത്തെ സദാ സ്മൃതിയിൽ വെച്ച് ഭാഗ്യശാലിആത്മാവാകൂ.

## സ്ലോഗൻ-ഇങ്ങനെ സത്പുത്രരാകൂ -ബാബ താങ്കളുടെ ഗീതം പാടട്ടെ, താങ്കൾ ബാബയുടെയും ഗീതം പാടട്ടെ

**അവ്യക്തസൂചന: സ്വയവും സർവരെയും പ്രതി മനസാ യോഗത്തിന്റെ ശക്തികളെ പ്രയോഗിക്കൂ**
ആദ്യം സ്വയത്തെപ്രതി യോഗത്തിന്റെ ശക്തികളെ പ്രയോഗിച്ചുനോക്കൂ. ഓരോ മാസത്തേക്കും ഓരോ 15 ദിവസത്തേക്കും എന്തെങ്കിലുമെന്തെങ്കിലും വിശേഷഗുണം അഥവാ എന്തെങ്കിലുമെന്തെങ്കിലും വിശേഷ ശക്തിയെ സ്വയത്തെ പ്രതി പ്രയോഗിച്ചുനോക്കൂ എന്തെന്നാൽ സംഘടനയിൽ അഥവാ സംബന്ധ സമ്പർക്കത്തിൽ പരീക്ഷകൾ വരിക തന്നെ ചെയ്യും. അതിനാൽ ആദ്യം അവനവനു മേൽ പ്രയോഗിച്ച് പരിശോധിക്കൂ, ഏതെങ്കിലും പരീക്ഷ വരുമ്പോൾ ഏതു ഗുണം അഥവാ ശക്തി പ്രയോഗിക്കുമ്പോൾ എത്ര സമയത്തിൽ സഫലത ലഭിച്ചു? സ്വയത്തെപ്രതി സഫലമാകുമ്പോൾ മറ്റുള്ളവരെ പ്രതിയും പ്രയോഗിക്കുന്നതിനുള്ള ഉണർവുത്സാഹം വർധിച്ചുകൊണ്ടിരിക്കും.